ശുദ്ധജലവിതരണം.

200. [13] ശ്രീ. പി.കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാട് പഞ്ചായത്തിലിത്തിയിൽ ശുദ്ധജലവിതരണത്തിനനുവദിച്ച ട്യൂബ്‌വെൽ പണി തുടങ്ങാത്തതിന്റെ കാരണമെന്ത്;

(ബി) പ്രസ്തുത പണി അനുവദിച്ചിട്ട് കാലം എത്രയായ്;

(സി) പ്രസ്തുത പണി എപ്പോൾ തുടങ്ങും?

ഉത്തരം.

(എ) കേസിംഗ് പൈപ്പുകളും ഡ്രില്ലിംഗ് മെഷീനും ഇല്ലാതിരുന്നതുകൊണ്ട് പണി തുടങ്ങിയില്ല.

(ബി) ഒന്നര വർഷം.

(സി) ബോറിംഗ് മെഷിൻ കിട്ടിയാൽ ഉടനെ പണി ആരംഭിക്കുന്നതാണ്.

എലക്ട്രിസിറ്റി.

201. [15] ശ്രീ. ടി.. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട മാഞ്ഞൂരിലേക്ക് എലക്ട്രിസിറ്റി നൽകി സഹായിക്കാൻ പൊതുജനങ്ങൾ ചേർന്ന് ചെയ്തിട്ടുള്ള അഭ്യർത്ഥന ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ നടത്തുകയുണ്ടായോ;

(സി) എലക്ട്രിസിറ്റി നൽകി മാഞ്ഞൂർ ജനാവലിയെ സഹായിക്കാൻ ഇനിയും കാലതാമസം നേരിടാൻ ഇടയാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അതിൻപ്രകാരം മാഞ്ഞൂരേയ്ക്ക് എലക്ട്രിസിറ്റി നൽകുന്ന ജോലിക്ക് അൻപത്തിഅയ്യായിരത്തി അറുപത്തിനാല് (55,064) രൂപയുടെ ഒരു എസ്റ്റിമേറ്റനുവദിക്കുകയും ജോലി പൂർത്തിയാക്കി സപ്ലൈസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുന്നതിനും ലൈൻ നീട്ടുന്നതിനും പതിനായിരത്തി ഒരുനൂറിഅറുപത് (11,160) രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റംപ്രകാരം ചിലവാക്കേണ്ട തുകയ്ക്കനുസരണമായ ആദായം ലഭിക്കുവാൻ സാദ്ധ്യതയില്ലെന്ന കണ്ടതിനാൽ ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ നടത്തിയിട്ടില്ല.

(സി) മേൽപ്പറഞ്ഞ ജോലി നടത്തുന്ന കാര്യം അടുത്ത വർഷത്തിൽ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly